# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.647** **25.05.2017-ൽ മറുപടിയ്ക്ക്**

**ലോട്ടറി വകുപ്പിന്റെ പ്രവർത്തനം**

| | ചോദ്യം<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ. കെ.കുഞ്ഞിരാമൻ<br>ശ്രീ. ഡി.കെ. മുരളി<br>ശ്രീ. പി.ടി.എ. റഹീം | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാന ലോട്ടറി വകുപ്പിന്റെ പ്രവർത്തനം അവലോകനം ചെയ്യാറുണ്ടോ; വ്യക്തമാക്കുമോ; | (എ) | ലോട്ടറി മേഖലയിലെ ട്രേഡ് യൂണിയൻ പ്രതിനിധികളുടേയും, ഓരോ ജില്ലയിലേയും പ്രമുഖ ഭാഗ്യക്കുറി ഏജൻറുമാരുടേയും, ജില്ലാ/താലൂക്ക് ഭാഗ്യക്കുറി ഓഫീസർ മാരുടേയും യോഗങ്ങൾ കാലാകാലങ്ങളിൽ വിളിച്ചു ചേർത്ത് വകുപ്പിന്റെ പ്രവർത്തനം അവലോകനം ചെയ്യാറുണ്ട്. ഇവരുടെയെല്ലാം അഭിപ്രായങ്ങൾകൂടി മാനിച്ചുകൊണ്ടാണ് സമ്മാനഘടന പരിഷ്ക്കരണം, ടിക്കറ്റച്ചടി, വിതരണം എന്നിവ നിർവ്വഹിക്കുന്നത്. |
| (ബി) | ലോട്ടറികളുടെ വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (ബി) | നിലവിൽ 30/- രൂപ ഭാഗ്യക്കുറികൾ (പൗർണ്ണമി, വിൻവിൻ, അക്ഷയ) 80 ലക്ഷം വീതവും, 50/- രൂപ ഭാഗ്യക്കുറികൾ (കാരുണ്യ, കാരുണ്യപ്ലസ്, സ്ത്രീശക്തി, നിർമ്മൽ) 38 ലക്ഷം വീതവുമാണ് അച്ചടിക്കുന്നത്. ടിക്കറ്റിന്റെ ഡിമാൻറ് അനുസരിച്ചും ഏജൻറുമാരുടേയും ട്രേഡ് യൂണിയൻ പ്രതിനിധികളുടേയും നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ടും കാലാകാലങ്ങളിൽ ഭാഗ്യക്കുറി സമ്മാനഘടനകൾ പരിഷ്ക്കരിക്കുകയും, ടിക്കറ്റച്ചടി വർദ്ധിപ്പിക്കുകയും ചെയ്തു വരുന്നു.<br><br>2017 ജൂൺ ആദ്യവാരത്തെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരത്തക്കവിധത്തിൽ എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും മുഖവില 30/- രൂപയാക്കി ഏകീകരിച്ചുകൊണ്ട് സമ്മാനഘടനകൾ പരിഷ്ക്കരിച്ചിട്ടുണ്ട്. അറ്റാദായത്തിൽ നിന്നും 5% കുറവ് വരുത്തി |

| | | | |
|---|---|---|---|
| | | | പ്രസ്തുത തുക കൂടി ഉൾപ്പെടുത്തി സമ്മാനയിനത്തിൽ വർദ്ധനവ് വരുത്തിയാണ് പ്രതിവാര ഭാഗ്യക്കുറികളുടെ സമ്മാനഘടനകൾ പരിഷ്കരിച്ചിരിക്കുന്നത്. സമ്മാനഘടനകൾ ആകർഷണീയമാക്കി പരിഷ്കരിച്ചത് വഴി ലോട്ടറികളുടെ വിറ്റുവരവിൽ വർദ്ധനവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് ലോട്ടറികളുടെ വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിനായി ഐ&പി.ആർ.ഡി, സി-ഡിറ്റ്, കെ.എസ്.എഫ്.ഡി.സി എന്നിവ മുഖേന പരസ്യചിത്രങ്ങൾ നിർമ്മിച്ച് പ്രമുഖ ടി.വി. ചാനലുകളിലും, QUBE/UFO എന്നീ പരസ്യ കമ്പനികൾ വഴി ഡിജിറ്റൽ സിനിമ നിർമ്മിച്ച് സിനിമാ തീയറ്ററുകളിലും പ്രദർശിപ്പിച്ചു വരുന്നു. കൂടാതെ എഫ്.എം. ചാനലുകൾ, പ്രമുഖ ദിനപ്പത്രങ്ങൾ എന്നിവ വഴിയും ഭാഗ്യക്കുറികളുടെ പരസ്യപ്രചാരണം നടത്തുന്നുണ്ട്. കൂടാതെ ലോട്ടറി വില്പന വർദ്ധിപ്പിക്കുന്നതിനായി നിലവിലുണ്ടായിരുന്ന 14 ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾ, മൂന്ന് താലൂക്ക് ഭാഗ്യക്കുറി ഓഫീസുകൾ എന്നിവയ്ക്ക് പുറമെ 18 ഭാഗ്യക്കുറി സബ് ഓഫീസുകൾ കൂടി ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**